# ഐ സി എ ഐ മസ്കത്ത് ചാപ്റ്റർ ഓണം ആഘോഷിച്ചു

**മസ്കത്ത് |** ഐ സി എ ഐ മസ്കത്ത് (ഒമാൻ) ചാപ്റ്ററിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി വർണാഭമായ ഓണാഘോഷം സംഘടിപ്പിച്ചു. പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും മനോഹരമായ സംഗമമായി മാറിയ ആഘോഷത്തിന് നിലവിളക്ക് തെളിയിച്ചുകൊണ്ടാണ് തുടക്കം കുറിച്ചത്. തുടർന്ന് വിവിധ കലാപരിപാടികൾ, ക്വിസ്, വിനോദ മത്സരങ്ങൾ തുടങ്ങിയവ അരങ്ങേറി.



ഐ സി എ ഐ മസ്കത്ത് ചാപ്റ്റർ ഓണാഘോഷം ഉദ്ഘാടന ചടങ്ങിൽ നിന്ന്

ഇന്ത്യൻ എംബസി ഫസ്റ്റ് സെക്രട്ടറി ഹേമന്ത് ഷിർസാത് മുഖ്യാതിഥിയായിരുന്നു. മുൻ കേന്ദ്ര മന്ത്രിയും മുൻ ഐ എ എസ്. ഉദ്യോഗസ്ഥനുമായ കെ ജെ അൽഫോൻസ് കണ്ണന്താനം, ഐ സി എ ഐ സെൻട്രൽ കൗൺസിൽ അംഗം സി എ ബാബു എബ്രഹാം കല്ലിവയലിൽ, മസ്കത്ത് ചാപ്റ്റർ ചെയർപേഴ്സൺ സി എ സംഗീത സുരേഷ് കുമാർ എന്നിവർ വിശിഷ്ടാതിഥികളായി.

ചടങ്ങിൽ സംസാരിച്ച കെ ജെ അൽഫോൻസ് കണ്ണന്താനം തന്റെ ഔദ്യോഗിക ജീവിതത്തിലെ ശ്രദ്ധേയമായ അനുഭവങ്ങൾ പങ്കുവെച്ചു. സി എ ബാബു എബ്രഹാം കല്ലിവയലിൽ സദസ്സിന് ആശംസകൾ നേർന്നു. പരമ്പരാഗത കേരളീയ രീതിയിൽ വാഴയിലയിൽ വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് സമാപനം കുറിച്ചത്.